(ബി) ഉണ്ടെങ്കിൽ എന്നാണ് ;
(സി) പ്രസ്തുത പണി എന്നത്തേക്ക് തുടങ്ങുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.
(ബി) ഉദിക്കുന്നില്ല.
(സി) ഉദിക്കുന്നില്ല.

അകലകുന്നം പഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സ്

108. [126] ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അകലകുന്നം പഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിന് എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;
(ബി) എത്രയുംവേഗം പ്രസ്തുത പണി ഏറ്റെടുത്ത് നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ബിൽഡിംഗ്സ് ആൻറ് ലോക്കൽ വർക്സ് എഞ്ചിനീയറിംഗ് വിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ ഇത്തരം ഒരു പദ്ധതി ഏറ്റെടുത്തു നടത്താൻ തക്ക സാമ്പത്തിക സ്ഥിതിയല്ല പഞ്ചായത്തിനേറത്. സാമ്പത്തികനില മെച്ചപ്പെടുന്ന മുറയ്ക്ക് പണി ഏറ്റെടുത്തു നടത്തുന്നതായിരിക്കും.

പഞ്ചായത്ത് വകുപ്പ് മന്ത്രി വിളിച്ചു ചേർത്ത പഞ്ചായത്ത് ജീവനക്കാരുടെ യോഗം

109. [127] ശ്രീ. കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സെപ്റ്റംബർ 30-ാം തീയതി പഞ്ചായത്ത് വകുപ്പുമന്ത്രി വിളിച്ചു ചേർത്ത പഞ്ചായത്ത് ജീവനക്കാരുടെ പ്രതിനിധികളുടെ യോഗം മുഴുവൻ സംഘടനകളും ബഹിഷ്കരിക്കുകയുണ്ടായോ ;
(ബി) ചർച്ച ബഹിഷ്കരിക്കുന്നതിനുള്ള കാരണം എന്തായിരുന്നു ;
(സി) മുഖ്യമന്ത്രിയുടെയും വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ ഇന്നേവരെയുണ്ടാക്കിയ ചർച്ചകളിലെ തീർച്ചകളും ധാരണകളും ഒന്നും നടപ്പിലാക്കിയിട്ടില്ലെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) സംഘടനാ പ്രതിനിധികൾ യോഗത്തിൽനിന്നും ഇറങ്ങി പോകുകയുണ്ടായി ;
(ബി) മുൻപ് നടത്തിയിട്ടുള്ള ചർച്ചകളിൽ എടുത്ത എല്ലാ തീരുമാനങ്ങളും ഇതിനകം നടപ്പിലാക്കാത്തതിൽ പ്രതിഷേധിച്ചാണ്.
(സി) ഉണ്ട്.

തൃശ്ശൂർ ജില്ലയിലെ പഞ്ചായത്ത് എക്സിക്യൂട്ടീവ് ആഫീസർമാർ

110. [128] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) തൃശ്ശൂർ ജില്ലയിൽ 3 വർഷത്തിലധികമായി ഒരു പഞ്ചായത്തിൽ തന്നെ ജോലി ചെയ്യുന്ന എത്ര എക്സിക്യൂട്ടീവ് ആഫീസർമാർ ഉണ്ട് ;

(ബി) ഇവർ ജോലി ചെയ്യുന്ന പഞ്ചായത്തും അവർ അവിടെ ജോലി ചെയ്ത കാലയളവും വെളിപ്പെടുത്തുമോ ;

(സി) 3 വർഷത്തിലധികമായി ഒരു പഞ്ചായത്തിൽ ജോലി ചെയ്യുന്ന എക്സിക്യൂട്ടീവ് ആഫീസർമാരെ മാറാതിരിക്കാനുള്ള കാരണം എന്താണ് ;

(ഡി) 3 വർഷത്തിലധികം ഒരു പഞ്ചായത്തിൽ ജോലി ചെയ്യുന്ന തൃശ്ശൂർ ജില്ലയിലെ എക്സിക്യൂട്ടീവ് ആഫീസർമാരെ മാറ്റുന്നതിന് ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഇതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 17

(ബി) വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട് †

(സി) പ്രത്യേക കാരണങ്ങൾ ഒന്നും ഇല്ല.

(ഡി) ഇല്ല

(ഇ) അങ്ങനെ ഒരു നിർദ്ദേശത്തിന്റെ ആവശ്യമില്ല. 3 വർഷത്തിലധികം ഒരു പഞ്ചായത്തിൽ ജോലി ചെയ്തു കഴിഞ്ഞാൽ മാറാവുന്നതാണ്.

മൂന്നു വർഷത്തിലധികം ഒരു പഞ്ചായത്തിൽ ജോലി ചെയ്യുന്നവർ

111. [129] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ ഒരേ തസ്തികയിൽ ഒരു പഞ്ചായത്തിൽ മൂന്ന് വർഷത്തിലധികം ജോലി ചെയ്യുന്ന എത്ര പഞ്ചായത്ത് ജീവനക്കാർ ഉണ്ട് ;

(ബി) ഇവരെ മാറ്റുന്നതിന് ജില്ലാ പഞ്ചായത്ത് ആഫീസർക്ക് നിർദ്ദേശം എന്നാണ് നൽകിയത് ;

(സി) ഈ നിർദ്ദേശം നടപ്പിലാക്കാത്തതുകൊണ്ട് എത്ര ജീവനക്കാർ ഇപ്പോഴും മൂന്നു വർഷം കഴിഞ്ഞിട്ടും ഓരോ പഞ്ചായത്തിലും ജോലി ചെയ്യുന്നു ;

(ഡി) 3 വർഷത്തിലധികം ഒരു തസ്തികയിൽ ഒരു പഞ്ചായത്തിൽ ജോലി ചെയ്യുന്ന എല്ലാ പഞ്ചായത്ത് ജീവനക്കാരെയും മാറ്റി നിയമിക്കാൻ തൃശ്ശൂർ ജില്ലാ പഞ്ചായത്താഫീസർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ ഒരേ തസ്തികയിൽ ഒരു പഞ്ചായത്തിൽ മൂന്നിലധികം വർഷം ജോലി ചെയ്യുന്ന 192 ജീവനക്കാർ ഉണ്ട്

(ബി) നിർദ്ദേശം നൽകിയിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) 1987 ഏപ്രിൽ, മേയ് മാസങ്ങളിൽ പൊതുസ്ഥലംമാറ്റം നടത്തുമ്പോൾ 3 വർഷത്തിൽ കൂടുതൽ ഒരേ പഞ്ചായത്തിൽ ജോലി ചെയ്തു വരുന്ന പഞ്ചായത്ത് ജീവനക്കാരെ ഭരണപരമായ അസൗകര്യങ്ങൾ ഉണ്ടാകാതെ സ്ഥലം മാറ്റുവാൻ നിർദ്ദേശം നൽകുന്നതാണ്.

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം—VIII

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 110 (128) കാണുക]

	എക്സി : ആഫീസറുടെ പേര്	ഗ്രേഡ്	പഞ്ചായത്തിന്റെ പേര്	ജോലി ചെയ്തു വരുന്ന തീയതി
1.	ശ്രീ. കെ.സി. കണാരൻ	സ്പഷ്യൽ ഗ്രേഡ്	കൂർക്കാഞ്ചേരി	20-5-1983
2.	,, ടി.ഡി. തോമസ്	,,	കൊരട്ടി	1-10-1983
3.	,, എം.എൻ. കേശവൻ	,,	നടത്തറ	18-5-1983
4.	,, പി.എൻ. കറപ്പൻ	,,	പരപ്പക്കര	17-5-1983
5.	,, സി.എസ്. രാമകൃഷ്ണൻ	,,	അടാട്ട്	20-5-1983
6.	,, ഒ.കെ. കുര്യൻ	,,	മട്ടത്തൂർ	23-5-1983
7.	,, കെ.വി. സത്യനേശൻ	,,	വല്ലച്ചിറ	1-6-1983
8.	,, എൻ.പി. വർഗ്ഗീസ്	1-ാം ഗ്രേഡ്	മേലൂർ	16-4-1982
9.	,, പി.എക്സ്. ജോൺ	,,	കുഴൂർ	19-7-1982
10.	,, ഇ.കെ. ജോസ്	,,	പുത്തൻചിറ	6-8-1983
11.	,, അനിയൻകുട്ടിമേനോൻ, ഒ.ഐ.	,,	മടക്കത്തറ	30-4-1983
12.	,, കെ.ശിവരാമൻ	,,	എളവള്ളി	27-4-1983
13.	,, കെ.എം. മൊയ്തു	,,	പുന്നയൂർ	13-6-1983
14.	,, കെ.വി. വിശ്വംഭരൻ	,,	തളിക്കുളം	22-11-1982
15.	,, എ.കെ. കൊച്ചുണ്ണി	,,	കടപ്പുറം	30-6-1983
16.	,, പി.കെ. കൊച്ചു മൊയ്തീൻ	,,	പുന്നംഗലം	2-5-1981
17.	,, പി.സി. ആന്റണി	,,	എൽക്കുളം	3-8-1983